ചരിത്രം

നമ്മുടെ ഇമാമുകൾ

കെ.കെ. കുഞ്ഞാലി മുസ്ലിയാർ
ചേലക്കാട്

# അബുൽ ഹസനിശ്ശാദിലി



വിശ്വപ്രസിദ്ധ സ്വൂഫീ പണ്ഡിതനാണ് ഇമാം അബുൽഹസനിശ്ശാദിലി(ഖു:സി). സ്വനാമം അലിയ്യ്. പിതാവ് അബ്ദുല്ലാഹ്. ഖലീഫ അലിയ്യി(റ)ന്റെ മകൻ ഹസൻ(റ) പതിനഞ്ചാമത്തെ പിതാമഹനാണ്. ആഫ്രിക്കയിലെ വിദൂര പടിഞ്ഞാറ് ദേശമായ ഇമാറയിൽ ഹി: 593-ലാണു ജനനം. ആഫ്രിക്കയി ലെ തന്നെ തൂനുസിന്റെ സമീപ സമീപപ്രദേശമായ ശാദിലയിൽ വളരുകയും ദീനീ വിജ്ഞാനങ്ങളിലെ ല്ലാം അവിടെ വച്ച് അവഗാഹം നേടുകയും ചെയ്ത തു കൊണ്ട് അബുൽഹസനിശ്ശാദിലി എന്നാണു പ്രസിദ്ധം. (ദാലിന് കസ്റാണ്-ളമ്മ് അല്ല.)

സ്വൂഫീ മാർഗ്ഗത്തിൽ അദ്ദേഹം പ്രവേശിച്ചത് ബാഹ്യമായ എല്ലാ വൈജ്ഞാനിക കലകളിലും അതുല്യ പ്രതിഭാശാലിയായതിൽ പിറകെയാണ്. അതിനു നിമിത്തമായ സംഭവം ശൈഖവർകൾ വിവരിക്കുന്നു: 'ഞാൻ ഇറാഖിൽ പോയി. ശൈഖ് അബുൽഫത്ഹിൽ വാസ്വിതിയുമായി സന്ധിച്ചു. ഇറാഖിൽ നിരവധി മശായിഖുമാരുണ്ടെങ്കിലും അദ്ദേഹത്തെപ്പോലെ ഞാൻ ആരെയും കണ്ടിട്ടില്ല.(അഹ്മദുൽ കബീർ രിഫാഈ(റ)യുടെ ശിഷ്യനും ഹി: 580-ൽ മരണപ്പെട്ടവരുമാണ് വാസിത്വി) ഞാൻ ഈ കാലത്തെ ഖുതുബിനെ അന്വേഷിച്ചു വന്നതാണെന്ന് പറഞ്ഞു. "അതിനു നിങ്ങൾ ഇങ്ങോട്ടു വരേണ്ടതില്ലല്ലോ. നിങ്ങളുടെ പടിഞ്ഞാറൻ രാജ്യങ്ങളിൽ തന്നെയാണു ഖുതുബുള്ളതെന്ന് ശൈഖ് പ്രതികരിച്ചു. ഞാൻ മടങ്ങി പല ദിക്കുകൾ സഞ്ചരിച്ചു. അന്വേഷണത്തിൽ ഒരാളെ എത്തിച്ചു. അദ്ദേഹം ഒരു മലമുകളിൽ കഴിയുകയാണ്. അടിഭാഗത്തു വച്ച് ഞാൻ കുളിച്ചു. എന്റെ ജ്ഞാനവും അമലും എന്നിൽ നിന്നും നീക്കി വെറും ഒരു സാധു മനുഷ്യനായിട്ട് മുകളിൽ കയറി. എന്നിലേക്ക് ഇറങ്ങി വന്ന അദ്ദേഹം കൊണ്ട് പ്രവാചക ശ്രേഷ്ടരായ തിരുനബി(സ)തങ്ങൾ വരെയുള്ള എന്റെ കുടുംബ പരമ്പരയെ വിവരിച്ചു കൊണ്ട് നിങ്ങൾക്ക് സ്വാഗതമെന്നരുളി. കുറെ ദിവസം അദ്ദേഹത്തോടൊപ്പം കഴിച്ചുകൂട്ടി. നിരവധി കറാമത്തുകൾ ശൈഖിൽ നിന്നും എനിക്ക് അനുഭപ്പെട്ടു. ഒരു ദിവസം ഞാൻ അദ്ദേഹത്തിനരികെ ഇരിക്കുകയാണ്. ഒരു കുട്ടി അദ്ദേഹത്തിന്റെ മടിയിലിരിപ്പുണ്ട്. എന്റെ മനസ്സിൽ അല്ലാഹുവിന്റെ 'അഅ്ളമായ' നാമം ഏതാണെന്ന് ശൈഖിനോട് ചോദിക്കണമെന്നുണ്ട്. പെട്ടെന്ന് ആ കുട്ടി എഴുന്നേറ്റ് എന്റെ തോളിൽ കൈയിട്ടു കൊണ്ട് 'നിങ്ങൾ എന്തിനാണ് ശൈഖോട് ചോദിക്കുന്നത്? നിങ്ങൾ തന്നെയാണ് ആ വണ്ണമായ നാമം' എന്നു പറഞ്ഞു. അല്ലാഹുവിന്റെ 'അസ്റാറുകൾ' നിങ്ങളുടെ ഹൃദയാന്തരാളത്തിൽ നിക്ഷേപിച്ചിട്ടുണ്ടെന്നു സാരം. അപ്പോൾ മഹാനർ ഒരു ഖുതുബാണെന്ന് എന്റെ ബസ്വീറത്തു കൊണ്ട് ബോദ്ധ്യപ്പെട്ടു. ശേഷം എന്നോടദ്ദേഹം ഇവിടെ നിന്നും ശാദിലയിലേക്കു പുറപ്പെടാൻ കല്പിച്ചു. അല്ലാഹു നിങ്ങളെ ശാദിലിയ്യായി നാമകരണം ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. അവിടെ നിന്നും തുനീഷ്യയിലേക്കും പിന്നീട് കിഴക്കൻനാടുകളിലേക്കും പോകണമെന്നും അവിടെ വച്ച് നിങ്ങൾക്ക് നിങ്ങൾക്ക് ഖുത്ബാനിയ്യ പദവി ലഭിക്കുമെന്നും ഉണർത്തി. ശേഷം ചില ഉപദേശങ്ങൾ ശൈഖ് നല്കുകയും അവിടെ നിന്നു ഞാൻ പുറപ്പെടുകയും ചെയ്തു. ആരിഫുകളിൽ നേതാവും മുർശിദുകളിൽ പ്രധാനിയും ഹസനീ പരമ്പരയിൽ പെട്ടവരുമായ ഹി: 622-ൽ വഫാത്തായ അബ്ദുസ്സലാമിബ്നു മശീശ എന്ന മഹാനരായിരുന്നു അബുൽ ഹസൻ(റ) ഇങ്ങനെ കണ്ടു മുട്ടിയ ശൈഖ്.

സ്വൂഫീ ത്വരീഖത്തിൽ പ്രവേശിക്കുന്നവർ ഗുരുവര്യരിൽ നിന്ന് 'ഖിർഖ'(സ്ഥാന വസ്ത്രം) സ്വീക

രിക്കുന്ന പതിവുണ്ട്. ശൈഖ് ശാദിലി അബ്ദുസ്സലാമിൽ നിന്നും മറ്റു ചില മശായിഖുമാരിൽ നിന്നും ഖിർഖ സ്വീകരിച്ചിട്ടുണ്ട്. മൂന്നു വഴിയിൽ കൂടി മഹനരുടെ സനദ്(ഗുരുപരമ്പര) ശൈഖ് രിഫാഈ(റ)യിൽ സന്ധിക്കുന്നുണ്ട്. എല്ലാ സനദും താജുൽആരിഫീൻ ജുനൈദുൽ ബഗ്ദാദി(റ), സരിയ്യുസ്സഖ്തീ(റ), മഅ്റൂഫുൽ കർഖീ(റ), ദാവൂദുത്ത്വാഈ(റ), ഹബീബുൽ അജമീ(റ), ഹസൻ ബസ്വരീ(റ) എന്നിങ്ങനെ അലിയ്യുബ്നു അബീത്വാലിബി(റ)ലേക്കാണ് എത്തുന്നത്.

തത്വജ്ഞാന പരമായ അറിവു സമ്പാദിക്കുന്നതിലാണ് മഹാനർ നാടു മഴുക്കെ സഞ്ചരിച്ചത്. പിൽക്കാല പണ്ഡിത ശ്രേഷ്ഠർ പലരും അദ്ദേഹം വിലായത്തിന്റെ അത്യുന്നത പദവിയിലെത്തിയ ഖുതുബാണെന്നു സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. പ്രഗത്ഭ പണ്ഡിത കേസരികളായ ഇബ്നുഅബ്ദിസ്സലാം(റ), ഇബ്നുൽഹാജിബ്, മുൻദിരീ, ഇബ്നുസ്സ്വലാഹ്, ഇബ്നു ഉസ്ഫൂർ, ഇബ്നു ദഖീഖിൽ ഈദ്(റ:ഹും) തുടങ്ങിയവരൊക്കെ ശൈഖിന്റെ ഉപദേശം കേൾക്കാൻ വിജ്ഞാനസദസ്സിൽ ഹാജറാകുന്നവരാണ്.

പടിഞ്ഞാറൻ രാജ്യങ്ങളിൽ അദ്ദേഹത്തിന് ശത്രുക്കളും അസൂയാലുക്കളും ധാരാളമുണ്ട്. ഇമാം മിസ്റിലേക്കും ഇസ്കന്തരിയ്യയിലേക്കും യാത്ര തിരിച്ചപ്പോൾ അസൂയാലുക്കൾ അദ്ദേഹം സിൻദീഖ്(അവിശ്വാസി) ആണെന്നും തങ്ങൾ പുറത്താക്കിയ ആളാണെന്നും അവിടെ നിന്നും ആട്ടിയോടിക്കണമെന്നും മറ്റും അവിടത്തെ ഭരണാധിപന് എഴുതി അറിയിച്ചിരുന്നു. എന്നാൽ എല്ലാ കുതന്ത്രങ്ങളിൽ നിന്നും മഹാൻ രക്ഷപ്പെടുകയും അക്രമകാരികൾ അനുസരണശാലികളായി മാറുകയുമാണുണ്ടായത്.

ആത്മജ്ഞാനപരമായി ഉത്തുംഗതയിലെത്തിയ ശൈഖ് ശദിലി തികച്ചും ശരീഅത്തിനനുസൃതമായി മാത്രമേ ജീവിച്ചിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ഒരു മൊഴി ഇങ്ങനെ വായിക്കാം. "നിനക്കു വല്ല വെളിപ്പാടുമുണ്ടായി. അതു പരിശുദ്ധ ഖുർആനോടും തിരുസുന്നത്തോടും വിരുദ്ധമായാൽ നീ തള്ളിക്കളയുകയും ഖുർആനും സുന്നത്തും മുറുകെ പിടിക്കുകയുമാണു ചെയ്യേണ്ടത്. അവ രണ്ടും പിഴവു പറ്റാത്ത പ്രമാണമാണെന്നും നിന്റെ കശ്ഫും ഇൽഹാമുമെല്ലാം പിഴക്കാവുന്നതാണെന്നും നീ മനസ്സിലാക്കുക. പിഴക്കാത്ത ആ രണ്ടു പ്രമാണങ്ങളോടു തട്ടി നോക്കിയല്ലാതെ കശ്ഫ് അനുസരിച്ചു പ്രവർത്തിക്കാൻ പാടില്ലെന്ന് ആരിഫുകളായ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ടെന്നും നീ അറിയുക." ശൈഖവർകളുടെ മുരീദുമാരിൽ അതിപ്രധാനിയായ വലിയ്യാണ് അബുൽഅബ്ബാസിൽ മുർസീ(റ) എന്നവർ. പ്രസിദ്ധ തസ്വവ്വുഫീ ഗ്രന്ഥമായ ഹികമിന്റെ കർത്താവ് ഇബ്നു അത്വാഇ(റ)ന്റെ ഗുരുവര്യരുമാണ് മഹാനർ. ഇബ്നുഅത്വാഅ്(റ) പറയുന്നു: അല്ലാഹുവിന്റെ മലക്കൂത്തിയ്യായ ആലമിൽ ഞാൻ സഞ്ചരിച്ചു. അപ്പോൾ അർശിന്റെ കാൽ പിടിച്ചു നില്ക്കുന്നു അബുമദ്യൻ. നിങ്ങളുടെ സ്ഥാനവും വിജ്ഞാനവും എങ്ങനെയായിരുന്നുവെന്ന് ഞനദ്ദേഹത്തോടു ചോദിച്ചു. എന്റെ അറിവ് 71 വിധവും സ്ഥാനം ഖുലഫാഉകളിൽ നാലാമനും അബ്ദാലുകളിൽ നേതാവുമാണെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ പിന്നെ എന്റെ ശൈഖ് ശാദിലിയുടെ നിലയോ? ഞാൻ ചോദിച്ചു. മഹാനർ എന്നെക്കാൾ 40 ഇൽമ് കൂടുതലുള്ളയാളാണെന്നായിരുന്നു മറുപടി. അപ്പോൾ 111 ഇൽമ് ഉടയവരാണ് മഹാനർ എന്ന് വന്നു. ഇമാം യാഫിഈ(റ) അദ്ദേഹത്തിന്റെ സ്തുതികീർത്തനങ്ങൾ പറയുന്നേടത്ത് '110 വിജ്ഞാനങ്ങളിൽ അധികമുള്ള മഹാൻ' എന്നു വിശേഷിപ്പിച്ചത് ഇതുകൊണ്ടായിരിക്കാം. സുൽത്വാനുൽ ഉലമാഅ് ഇസ്സുദ്ദീനിബ്നു അബ്ദിസ്സലാം(റ) ത്വരീഖത്തു സമ്പ്രദായത്തെ ആദ്യം ആക്ഷേപിക്കാറുണ്ടായിരുന്നു. കിതാബിനും സുന്നത്തിനും പുറമെ എന്താണ് ത്വരീഖത്ത്? എന്നദ്ദേഹം ചോദിക്കാറുണ്ട്. ഇമാം ശാദിലിയുമായി ബന്ധപ്പെടുകയും അദ്ദേഹത്തിൽ നിന്ന് ഈ അമൂല്യ അറിവിന്റെ മധുര്യം രുചിക്കുകയും ചെയ്ത ശേഷം ആക്ഷേപങ്ങളിൽ നിന്നു പിന്മാറി മശായിഖുമാരെ പ്രകീർത്തനം ചെയ്യാറുമുണ്ട്.

തസ്വവ്വുഫീആശയം ശൈഖ് ശാദിലി വിവരിക്കുന്നതു കേട്ട് പ്രഗത്ഭരായ മശായിഖുകൾ ആശ്ചര്യപ്പെടാറുണ്ട്. ഇമാം ഖുറൈശി(റ)യുടെ രിസാലയിൽ ഒരവസരം ഔലിയാക്കളും ആരിഫുകളും നിറഞ്ഞ സദസ്സിൽ വച്ച് ശൈഖ് ശാദിലി വിവരിച്ചപ്പോൾ അവരെല്ലാം അത്ഭുതപ്പെട്ടു പോയ സംഭവമുണ്ടായിട്ടുണ്ട്. ഒട്ടുവളരെ കശ്ഫും കറാമത്തും ശൈഖിൽ നിന്നുണ്ടായിട്ടുണ്ട്. മുരീദുമാരുടെ ചിന്തയിൽ വരുന്ന കാര്യങ്ങൾ അദ്ദേഹത്തിന്നറിയാൻ കഴിയുമായിരുന്നു. ശൈഖ് അബുൽഅബ്ബാസ് ഉദ്ധരിക്കുന്നു: "ഞാൻ ശൈഖ് ശാദിലിയുടെ പിന്നിൽ നിന്ന് ഒരവസരം നിസ്കരിച്ചു. സുറത്തുശ്ശൂറായാണ് അദ്ദേഹം ഓതുന്നത്. അതിന്റെ അവസാനഭാഗത്തുള്ള 'അല്ലാഹു ഉദ്ദേശിച്ചവർക്ക് അവൻ പെൺമക്കളെ നല്കും' എന്ന ആശയം വരുന്ന ആയത്ത് എത്തിയപ്പോൾ അതിന്റെ സാരം ഞാൻ ഇങ്ങനെ മനസ്സിലാക്കി. 'അല്ലാഹു ഉദ്ദേശിച്ച ചിലർക്ക് സദ്കർമ്മങ്ങൾ നല്കും. മറ്റു ചിലർക്ക് ഉലൂമുകൾ നല്കും. വേറെ ചിലർക്ക് ഉലൂമും ഹസനാതും കൊടുക്കും. ചിലരെ ഇൽമും ഹസനത്തും ഇല്ലാത്തവരുമാക്കു'ം എന്ന്. നിസ്കാര ശേഷം ശൈഖ് വിളിച്ചു. 'നിങ്ങൾക്കുള്ള ഫഹ്മ്(അറിവ്) ഞാൻ മനസ്സിലാക്കിയിട്ടുണ്ടെ'ന്നു പറഞ്ഞ് എന്റെ മനസ്സിൽ വന്നത് അദ്ദേഹം പറഞ്ഞു. ഞാൻ ആശ്ചര്യപ്പെട്ടു പോയി. 'നിങ്ങൾ എന്തിന് അത്ഭുതപ്പെടുന്നു? എന്റെ പിന്നിലുള്ള ഓരോരുത്തരുടെയും തിരിച്ചറിവ് ഞാൻ അറിഞ്ഞിട്ടുണ്ടെന്നു പറഞ്ഞു കൊണ്ട് അവരുടെ പേരുകൾ എനിക്ക് എണ്ണിക്കേൾപ്പിച്ചു.

തന്നെ സമീപിക്കുന്ന മുരീദുമാരുടെ ശരിയായ അവസ്ഥ മനസ്സിലാക്കി മാത്രമാണ് ശൈഖവർകൾ അവരുമായി ബന്ധപ്പെടുക. ശൈഖ് പറയുന്നു: ഈ ഐഹിക ജീവിതത്തോട് ഇണങ്ങി ജീവിക്കുന്ന ഒരു വ്യക്തി നമ്മുടെ അരികിൽ വന്നാൽ നീ നിന്റെ ദുൻയാവുമായി തീർത്തും മുക്തനാകുക എന്നു നാമവനോട് പറയില്ല. എല്ലാം അല്ലാഹുവിൽ നിന്നാണെന്ന് ധാരണ വരികയും അവന്റേതായി മാത്രം എല്ലാം

കാണുകയും ചെയ്യുന്ന അവസ്ഥ വരുന്നതു വരെ നാമവരെ ഉപേക്ഷിക്കും. പിന്നീട് അവൻ സ്വമേധയാ ദുൻയാവുമായുള്ള ബന്ധം ഉപേക്ഷിച്ചു വരികയും ചെയ്യും. ഒരുദാഹരണ സഹിതം അദ്ദേഹമതു പഠിപ്പിക്കുന്നു: കപ്പലിൽ കയറിയവരോട് ഒരു നേതാവ് ഇങ്ങനെ പറയുന്നു: നാളെ ശക്തിയേറിയ കാറ്റടിച്ചു വീശി ഈ കപ്പലിലെ ജനങ്ങൾ മുഴുവൻ മുങ്ങി മരിച്ചുപോകും. അതുകൊണ്ട് ഇപ്പോൾ തന്നെ നിങ്ങളുടെ ചരക്കുകൾ കടലിലേക്കു വലിച്ചെറിയുക. ഇതു കേൾക്കുന്ന ഒരാളും തത്സമയം ഈ പ്രവൃത്തിക്കൊരുങ്ങുകയില്ല. അവസരം വരുമ്പോൾ രക്ഷപ്പെടാനുള്ള മാർഗ്ഗം നോക്കും. അപ്രകാരം തന്നെയാണ് യഖീൻ ആകുന്ന കാറ്റു വീശിത്തുടങ്ങിയാൽ സ്വമേധയാ ദുൻയാവുമായി ഒഴിഞ്ഞു മാറും.

അപാരമായ ജ്ഞാന പാരാവാരത്തിലും ദിവ്യാനുഗ്രഹ പ്രവാഹത്തിലും മുരീദുമാരെ വളർത്താനുതകുന്നതാണ് ശാദിലിയ്യാ ത്വരീഖത്ത്. അല്ലാഹു ചെയ്ത അനുഗ്രഹം പ്രകടിപ്പിക്കുവാനാണ് മഹാനിഷ്ടപ്പെടുന്നത്. ഒരു ഫഖീർ ശൈഖിന്റെ സദസ്സിൽ കയറിവന്നു. അദ്ദേഹം വളരെ പരുക്കൻ വസ്ത്രമാണു ധരിച്ചിരുന്നത്. ശൈഖ് നല്ല മിനുസമുള്ള വസ്ത്രവും. ഫഖീർ അടുത്തുവന്ന് ശൈഖിന്റെ വസ്ത്രം തൊട്ടു നോക്കി ഇങ്ങനെ ചോദിച്ചു. ഈ വസ്ത്രവും ധരിച്ച് എങ്ങനെ നിങ്ങൾക്ക് അല്ലാഹുവിനെ ആരാധിക്കാൻ കഴിയും? ഉടനെ ശൈഖ് ഫഖീറിന്റെ വസ്ത്രം തൊട്ടു നോക്കി ഇങ്ങനെ ചോദിച്ചു: ഇതുമായി നിങ്ങൾക്കെങ്ങനെ ഇബാദത്തു ചെയ്യാൻ കഴിയും? എന്റെ വസ്ത്രം ജനങ്ങളോട് വിളിച്ചറീക്കുന്നത് എനിക്ക് നിങ്ങളുടെ ആവശ്യമില്ലെന്നാണ്. നിങ്ങളുടെ വസ്ത്രം അറീക്കുന്നത് ഞാൻ നിങ്ങളിലേക്കെല്ലാം ആശ്രയമുള്ളവനാണെന്നാണ്. നിങ്ങൾ വല്ലതും എനിക്കു തരണമെന്നും! വെറും വേഷത്തിലും വസ്ത്രധാരണയിലും മാത്രമാണ് തസ്വവ്വുഫ് എന്നു മനസ്സിലാക്കിയ അദ്ദേഹത്തെ ശൈഖ് വേണ്ടവിധം ഉപദേശിക്കുകയും ചെയ്തു.

മുരീദുമാരോട്, ബുദ്ധിമുട്ട് വരുമ്പോഴെല്ലാം തന്നെക്കൊണ്ട് തവസ്സുൽ ചെയ്യാൻ ശൈഖ് ഉപദേശിക്കാറുണ്ട്. അങ്ങനെ ചെയ്താൽ എല്ലാ പ്രയാസങ്ങളും തീരാറുണ്ടെന്ന് ശിഷ്യരിൽ പ്രധാനികളായ അബുൽഅബ്ബാസ്(റ), അബൂഅബ്ദില്ലാഹിശ്ശാത്വിബി(റ) തുടങ്ങിയവർ പറയുന്നു. അതുപോലെ ഇമാം ഗസ്സാലി(റ)യെക്കൊണ്ട് ഇടതേടാനും ഇഹ്യാഅ് ഓതാനും ശൈഖ് ഉപദേശിക്കാറുമുണ്ട്.

ശൈഖിന്റെ 'ഹിസ്ബുൽബഹ്ർ' എന്ന വിർദിനെ ഏതോ ഫഖീഹ് ആക്ഷേപിച്ചപ്പോൾ മഹാനർ പറഞ്ഞത് അല്ലാഹുവാണ അതിലെ ഓരോ ഹർഫും തിരുനബി(സ)യുടെ തിരുനാവിൽ നിന്ന് പഠിച്ചുപറഞ്ഞതെന്നാണ്. ഈ ഹിസ്ബ് പണ്ഡിതന്മാരും മറ്റു സജ്ജനങ്ങളും ചൊല്ലിവരാറുള്ള വിർദാണ്. ഇത് പൂർണ്ണമായി ദൈറബിയുടെ മുജർറബാതിലുണ്ട്. അതിന്റെ വ്യാഖ്യാനത്തിൽ അല്ലാമ മുനാവി(റ) പറഞ്ഞത് അതിന്റെ ശരിയായ ഫലം ലഭിക്കണമെങ്കിൽ ഒരു ശൈഖിന്റെ ഇജാസത്ത് പ്രകാരം ചൊല്ലണമെന്നാണ്.

ശൈഖ് ഏതെങ്കിലും കിതാബ് രചിച്ചതായി മഹാനരെ വർണ്ണിച്ചു പ്രശംസിച്ചവർ പറഞ്ഞത് കാണുന്നില്ല. ശൈഖ് ശാദിലീ എന്ന വിലായത്തിന്റെ ഉത്തുംഗതയിലെത്തിയ മഹാമനീഷിയെയും അദ്ദേഹത്തിന്റെ മൊഴികളും കശ്ഫും കറാമത്തും മറ്റും അറിയാൻ ഇമാം ശഅ്റാനിയുടെ ത്വബഖാത്ത്, ഇബ്നു അത്വാഇന്റെ ലത്വാഇഫുൽ മിനൻ, ഇമാം യാഫിഇയുടെ മിർഖാത്ത്, ജാമിഉ കറാമാതിൽ ഔലിയാ, എന്നിവ നോക്കുക.

ശൈഖ് പലതവണ ഹജ്ജ് നിർവ്വഹിച്ചവരാണ്. അവസാനത്തെ ഹജ്ജിന്നായി പുറപ്പെടുമ്പോൾ കൂടെയുള്ള ആളോട് ഒരു പിക്കാസും തുണിയും 'ഹനൂത്' എന്ന സുഗന്ധവസ്തുവും എടുക്കാനാവശ്യപ്പെട്ടു. ഇതെന്തിനാണെന്ന് അയാൾ ചോദിച്ചു. 'ഹമീസറാ'ഇൽ വച്ച് നിനക്കത് മനസ്സിലാകുമെന്ന് ശൈഖ് മറുപടി പറഞ്ഞു. അവർ യാത്ര തുടർന്നു. മിസ്റിലുള്ള ഈദാബ് മരുഭൂമിയിലൂടെ ഹമീസറായിലെത്തി. ശൈഖ് അവിടെ ഇറങ്ങി കുളിച്ചു. നിസ്കാരത്തിൽ പ്രവേശിച്ചു. അവസാന സുജൂദിൽ വച്ച് മഹാനർ ഈ ലോകത്തോടു വിട പറഞ്ഞു. കൂടെയുള്ളയാൾ കർമ്മങ്ങളെല്ലാം നിർവ്വഹിച്ചു. അവിടെ അടക്കപ്പെടുകയും ചെയ്തു. ഹി: 656-ൽ ദുൽഖഅ്ദ ഒടുവിൽ. സമീപത്തുകൂടെ ഒഴുകിയിരുന്ന കടൽവെള്ളം പിന്നീട് നൽവെള്ളമായിട്ടാണ് ഒഴുകാറുള്ളതെന്ന് പറയപ്പെടുന്നു.

മഹാനരുടെ ഹഖ്, ജാഹ്, ബറകത്ത് കൊണ്ട് അല്ലാഹു നമ്മെ ഇരുവീട്ടിലും നന്നാക്കട്ടെ.